# 9

# ദൈവത്തിന്റെ ആത്മാവ്

## ഹ്യൂഗോ മെകോർഡ്

*"ഭൂമി പാഴായും ശൂന്യമായും ഇരുന്നു, ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (ഉ്പത്തി 1:2).*

ഉല്പത്തി 1:2 പറയുന്നു, *റൂഹ 'എലോഹിം*, "ദൈവത്തിന്റെ ആത്മാവു," സൃഷ്ടിത്വ സമയത്തു വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു. ദൈവികത്വത്തിലെ ഒരംഗമായ *റൂഹ 'എലോഹിം* എന്ന വാക്കിന്റെ അർത്ഥം നമുക്കു പഠിക്കാം.

### റൂഹ എന്ന വാക്കിന്റെ അർത്ഥം

സന്ദർഭം അനുസരിച്ചു *റൂഹ* എന്ന വാക്കിനു വ്യത്യസ്ത അർത്ഥങ്ങൾ ഉണ്ട്. മിക്ക തർജ്ജിമകളും ഉല്പത്തി 1:2 ലെ *റൂഹ* എന്നതിനു "ആത്മാവു" എന്ന വാക്കാണ് നല്കിയിരിക്കുന്നത്. ക്രിയാ വാക്കിൽനിന്നുരൂപപ്പെട്ടതിന്റെ അർത്ഥം "ശ്വസിക്കുക" എന്നാണ്. ചിലപ്പോൾ നാമം ആയി "ശ്വാസം" (ഉല്പത്തി 6:17; സങ്കീർത്തനങ്ങൾ 146:4[1]) എന്നും ചിലപ്പോൾ "വായു" (ഇയ്യോബ് 41:16), മറ്റുചിലപ്പോൾ "കാറ്റ്" എന്നും (ഉല്പത്തി 8:1), വേറെ സന്ദർഭത്തിൽ "ആത്മാവു" എന്നും പറയുന്നുണ്ട് (സങ്കീർത്തനങ്ങൾ 31:5).

പുതിയ ജൂവിഷ് വെർഷൻ മോശെയുടെ പദപ്രയോഗമായ *റൂഹ എലോഹിമി*നു 'ദൈവത്തിൽ നിന്നുള്ള "കാറ്റ്" എന്നു പറയുന്നു. അതവർ ചെയ്തിരിക്കുന്നതു ആത്മാവിനെ തെറ്റായി തർജ്ജിമ ചെയ്തിരിക്കുന്നതുകൊണ്ടല്ല, യഹൂദന്മാരും മറ്റും പരിശുദ്ധാത്മാവു "ദൈവികത്വത്തിലെ പിതാവിനോടും പുത്രനോടും ഉള്ള ബന്ധത്തിൽ" വിശ്വസിക്കുന്നില്ല എന്നതാണ് കാരണം. ആ തർജ്ജിമയുടെ മുഖ്യ – പങ്കു – വഹിച്ച ഹാരി എം. ഓർലിൻസ്ക്കി പറഞ്ഞതാണത്. അദ്ദേഹം പറഞ്ഞു, "ആത്മാവ്" എന്ന വാക്ക്, "ക്രിസ്ത്യാനിയുടെ വ്യാഖ്യാനം" ആകകൊണ്ട് നിരസിച്ചു; അതു നിരസിക്കുവാൻ കാരണം "ബൈബിളിലെ

സൃഷ്ടിത്വ വിവരണത്തിന്റെ പൂർവ്വ പശ്ചാത്തലത്തിൽ" "കാറ്റ്" എന്നു തർജ്ജിമ അടുത്തുവരുന്നതുകൊണ്ട് എങ്ങനെയായാലും, ബൈബിളിലെ *റൂഹ 'എലോഹിം* എന്ന പദപ്രയോഗത്തിന്റെ ഉപയോഗത്തെ അവലംബിച്ചു നിയർ ഈസ്റ്റ് ഇതിഹാസത്തെ എടുക്കുന്നതു ശരിയായ തർജ്ജിമ ആയിരിക്കയില്ല.

ഉല്പത്തി 1:2 ലെ *റൂഹ* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന സന്ദർഭം പരിശോധിച്ചാൽ, *റൂഹ* എന്ന വാക്ക് *'എലോഹിം* എന്ന വാക്കോടു ബന്ധിപ്പിച്ചു "ദൈവത്തിന്റെ *റൂഹ*" എന്നതു കാണാൻ കഴിയും. വെറും "കാറ്റ്" എന്നു മാത്രമാണ് അർത്ഥമെങ്കിൽ, പിന്നെ "ദൈവത്തിന്റെ" എന്ന് ചേർത്തത് എന്തിന്? പഴയ നിയമത്തിലെ *റൂഹ 'എലോഹിം* എന്ന പദപ്രയോഗം തൊണ്ണൂറ്റി - നാലു പ്രാവശ്യം വന്നിരിക്കുന്നതു പരിശോധിച്ചാൽ, ഉല്പത്തി 1:2-ൽ മാത്രമാണ് "ദൈവത്തിന്റെ കാറ്റ്" എന്ന തർജ്ജിമ ശരിയാകാനിടയുള്ളു.[2]

മറ്റു പഴയ നിയമ വാക്യങ്ങൾ (ഇയ്യോബ് 26:13, കെജെവി; സങ്കീർത്തനങ്ങൾ 104:30) സൂചിപ്പിക്കുന്നതു, ദൈവത്തിന്റെ ആത്മാവു സൃഷ്ടിത്വത്തിൽ പ്രവർത്തിക്കുന്നു എന്നാണ്, അതു ശരിയായ തർജ്ജിമയിൽ "ദൈവത്തിന്റെ ആത്മാവു" എന്നാണ്. അതിനു പുറമെ, ഉല്പത്തി 1:26-ൽ, സന്ദർഭത്തിൽ ഉടനെ വരുന്ന *റൂഹ 'എലോഹിം,* എന്നതു സൂചിപ്പിക്കുന്നത് ദൈവത്തിനു തന്റെ സൃഷ്ടിത്വ പ്രവൃത്തിയിൽ പങ്കാളികൾ ഉണ്ടാകുന്നു എന്നാണ്. "നമുക്കു നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം, മനുഷ്യനെ ഉണ്ടാക്ക."

ഉല്പത്തി 1:2 ലെ *റൂഹ* എന്നതു "കാറ്റ്" ആയി തർജ്ജിമ ചെയ്യുവാൻ ഒരു കാരണവും ബൈബിളിൽ കാണാത്തതുകൊണ്ടും, സന്ദർഭത്തിൽ ഉടനെയും പൊതുവായുംവരുന്ന സന്ദർഭങ്ങളിലെല്ലാം അർത്ഥം "ആത്മാവു" എന്നാണ്, ഇതു ഉല്പത്തി 1:2 ലെ *റൂഹ 'എലോഹിം* "ദൈവത്തിന്റെ ആത്മാവു" എന്നുതന്നെ അർത്ഥം എടുക്കേണ്ടതാണ്. അതനുസരിച്ചു, *റൂഹ 'എലോഹിം* എന്ന പദപ്രയോഗം ദൈവത്തെ വിവരിക്കുന്നതായി പരിഗണിക്കണം.

### "ദൈവത്തിന്റെ ആത്മാവു" എന്ന പദപ്രയോഗത്തിന്റെപ്രാധാന്യം

ദൈവത്തെ വിവരിക്കുന്ന പദപ്രയോഗമായ "ദൈവത്തിന്റെ ആത്മാവു" എന്നതിനു ചുരുങ്ങിയത് ആറു പ്രധാനപ്പെട്ട അർത്ഥമുണ്ട്.

1. *ദൈവികത്വം.* ദൈവികത്വത്തിൽ ഒന്നിൽ കൂടുതൽ അംഗങ്ങളുണ്ടെന്ന സൂചനയാണ് ഉല്പത്തി 1:2 ലെ പദപ്രയോഗമായ "ദൈവത്തിന്റെ ആത്മാവു." ദൈവം ഏകൻ എങ്കിലും അവൻ മൂന്നു "വ്യക്തികൾ" ആണെന്നതു വാസ്തവത്തിൽ കൃത്യമായി വിശദീകരിക്കുവാൻ ആർക്കും സാധ്യമല്ല. അവന്റെ മനോഗുണങ്ങൾ അന്വേഷണത്തിനപ്പുറമാണ്. ദൈവത്തിന്റെ ആഴങ്ങളെകുറിച്ചു ആത്മാവു മാത്രമെ അറിയുന്നുള്ളു (1 കൊരിന്ത്യർ 2:10, 11). നാം അവനെക്കുറിച്ചു ഒരു മന്ദ സ്വരമേ കേട്ടിട്ടുള്ളൂ (ഇയ്യോബ് 26:14)!

ദൈവത്തിന്റെ ആത്മാവിനെക്കുറിച്ചു മനുഷ്യർക്കു അറിയാവുന്നതു വിലയേറിയതാണ്. അവൻ സർവവ്യാപിയാണെങ്കിലും, ഒരു വ്യക്തി

യാണ്. അവനു ഒരു മനസ്സു ഉണ്ട് (റോമർ 8:27); അവൻ കേൾക്കുകയും സംസാരിക്കയും ചെയ്യും (യോഹന്നാൻ 16:13), ആഴത്തിൽ ആരായുകയും ചെയ്യും (എഫെസ്യർ 4:30). ആത്മാവു ക്രിസ്ത്യാനികളിൽ വസിക്കുന്നു (ഗലാത്യർ 4:6), അവൻ അവർക്കുവേണ്ടി സ്വർഗ്ഗത്തിൽ പ്രാർത്ഥിക്കയും ചെയ്യും (റോമർ 8:26, 27). അവൻ പാപികളോടു ദൈവമക്കൾ ആകുവാൻ ആഹ്വാനം ചെയ്യുന്നു (വെളിപ്പാട് 22:17).

2. *ദൈവത്തിന്റെ സ്വഭാവം.* "ദൈവത്തിന്റെ ആത്മാവു" എന്ന പദ പ്രയോഗം ദൈവ സ്വഭാവത്തെ തന്നെ എടുത്തു കാണിക്കുന്നു: അവൻ ഒരു ആത്മീയ വ്യക്തിയാണ് (യോഹന്നാൻ 4:24), അസ്ഥിയും മാംസവും ഉള്ളവൻ ആയിരുന്നു (ലൂക്കൊസ് 24:39), ജഡവും രക്തവുമല്ല (1 കൊരിന്ത്യർ 15:50). ആത്മാവായതുകൊണ്ടു അവൻ മനുഷ്യ കണ്ണുകളാൽ അദൃശ്യനാണ് (കൊലൊസ്യർ 1:15).

ആത്മാവിനു അസ്ഥിയും മാംസവും ഇല്ലാത്തതുകൊണ്ടു, അവിടെ ദൈവത്തിനു ഉപയോഗിച്ചിരിക്കുന്ന മൂക്കുകൾ, മുഖം, പുറകുവശം, കാലടി, പാദങ്ങൾ, കൈകൾ, ചെവികൾ, കണ്ണുകൾ, പുരികങ്ങൾ, ചിറകുകൾ എന്നിവയുടെ ഭാഷ വ്യക്തമാണ് (പുറപ്പാട് 15:8; 33:23; 24:10; ആവർത്തനപുസ്തകം 33:27; യെശയ്യാവു 59:1, 2; സങ്കീർത്തനങ്ങൾ 11:4; 91:4) അതു മനസ്സിലാക്കേണ്ടതു ആലങ്കാരിക ഭാഷയിലാണ്. "മനുഷ്യന്റേതുപോലെ ദൈവത്തിനു അസ്ഥിയും മാംസവും" ഉണ്ടെന്നു പറയുന്ന ഉപദേഷ്ടാക്കന്മാരുടെ തെറ്റ് ഖേദകരമാണ്.[3]

3. *ദൃശ്യവും അദൃശ്യവും.* "ദൈവത്തിന്റെ ആത്മാവു" എന്ന പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നതു എന്തുകൊണ്ടു ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല എന്നും, എന്തുകൊണ്ടു ദൈവത്തെ ആർക്കും കാണുവാൻ കഴിയുകയില്ല എന്നും വ്യക്തമാക്കുന്നു (പുറപ്പാട് 33:20; യോഹന്നാൻ 1:18; 1 തിമൊഥെയൊസ് 6:16). ആത്മാവു അദൃശ്യനാണ് (കൊലൊസ്യർ 1:15); അതുകൊണ്ടു, ദൈവസത്തയെ നിരീക്ഷിക്കുവാൻ മനുഷ്യ കണ്ണുകൾക്കു ഒരിക്കലും സാധ്യമല്ല.

എങ്ങനെയായാലും, ദൈവത്തിനു സകലവും സാധ്യമാണ്. അബ്രഹാമിന്നു അവന്റെ കൂടാരവാതിൽക്കൽ, ദൈവത്തിനു മനുഷ്യനായി പ്രത്യക്ഷനാകുക എന്നതു ദൈവത്തിനു വളരെ ചെറിയ കാര്യമാണ് (ഉല്പത്തി 18:1), തീയായി മോശേക്കും പ്രത്യക്ഷനായി (പുറപ്പാട് 3:2), ഇസ്രായേലിന്നു കാർമേഘമായും (പുറപ്പാട് 19:9), ഒരു ശബ്ദമായി ഏലിയാവിന്നും (1 രാജാക്കന്മാർ 19:13), "ഇമ്മാനുവേൽ" എന്നു വിളിക്കുന്ന മനുഷ്യ വ്യക്തിയായും (മത്തായി 1:23; യോഹന്നാൻ 14:9). അത്തരം ഭൗതിക രൂപത്തിൽ മനുഷ്യൻ ദൈവത്തെ കണ്ടിട്ടുണ്ടെങ്കിലും, ദൈവസത്ത – *റൂഹ*, ആത്മാവ് – മനുഷ്യർക്കു കാണാവുന്നതല്ല.

4. *മർത്യനല്ല.* "ദൈവത്തിന്റെ ആത്മാവ്" എന്ന പദപ്രയോഗത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട അർത്ഥം ദൈവം മർത്യനല്ല എന്നതാണ്. ദൈവം ജഡരക്തസത്തയിൽ ആയിരുന്നു എങ്കിൽ, അവൻ മർത്യൻ ആകുമായിരുന്നു; അതുകൊണ്ടു, അവനു മരിക്കേണ്ടതായും വരുന്നു. അവന്റെ പ്രകൃതി ആത്മാവു ആകയാൽ, അവൻ അനശ്വരനാണ് (1 കൊരിന്ത്യർ

15:50). അമർതൃത സ്വയമായിട്ടുള്ളതു അവന്നുമാത്രമാണ് (1 തിമൊഥെയൊസ് 6:16).[4]

5. *പ്രാദേശികൻ അല്ല.* ദൈവത്തിന്റെ ആത്മാവിനെ പ്രാദേശീകരിക്കാനാവില്ല. അവന്റെ പ്രത്യക്ഷത ശൂന്യാകാശത്തിലും ആയിരിക്കാം (ഉല്പത്തി 18:33); എന്നാൽ ദൈവത്തിന്റെ സത്ത, ആത്മാവു ആകയാൽ, അവനു ഒരു സ്ഥലത്തുമാത്രം ഒതുങ്ങുവാൻ സാധ്യമല്ല. ഒരു പർവതത്തിലോ അല്ലെങ്കിൽ ആലയത്തിലോ – ഏറ്റവും ഉയർന്ന സ്വർഗ്ഗത്തിലോ – അവൻ ഒതുങ്ങുകയില്ല (1 രാജാക്കന്മാർ 8:27). ദൈവം ഇല്ല എന്നു പറയാവുന്ന ഒരു സ്ഥലവും ഇല്ല (സങ്കീർത്തനങ്ങൾ 139:7–12).

6. *മനുഷ്യപ്രകൃതിയുടെ വിശദീകരണം.* "ദൈവത്തിന്റെ ആത്മാവു" എന്ന വാക്കുകൾ മനുഷ്യൻ എങ്ങനെ ദൈവരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നു വ്യക്തമാക്കുന്നു. ദൈവം ആത്മാവാണെങ്കിൽ, പിന്നെ മനുഷ്യനിലുള്ള അവന്റെ രൂപം ആത്മാവുതന്നെ. മാതാപിതാക്കളിൽ നിന്നും വരുന്ന നമ്മുടെ ശരീരങ്ങൾ, അവസാനം മണ്ണിലേക്കുപോകുന്നു; എന്നാൽ, ദൈവം റൂഹാ ആയി നമ്മിൽ ഓരോരുത്തരിലും തന്നിരിക്കുന്നതു, ആത്മാവിനെ ആണ് (സെഖര്യാവ് 12:1). അവൻ നമ്മുടെ ആത്മാക്കളുടെ പിതാവാണ്; അവനിൽ നിന്നാണ് നമ്മുടെ ആത്മാക്കൾ വരുന്നത്, ആത്മാക്കൾ തിരിച്ചു ദൈവത്തിലേക്കും പോകുന്നു (സഭാപ്രസംഗി 12:7; എബ്രായർ 12:9). മനുഷ്യനു ശരീരം ഉള്ളേടത്തോളം, അതു പ്രാധാന്യവും വിശുദ്ധവുമാണെങ്കിലും (1 കൊരിന്ത്യർ 6:19, 20), അതല്ല മനുഷ്യന്റെ വാസ്തവത്തിലുള്ള പ്രകൃതി, ശരിയായതു ദൈവ സാദൃശ്യമാണ്.

ജഡം ഒന്നിനും ഉപകരിക്കുന്നതല്ല; ആത്മാവാണ് ജീവിപ്പിക്കുന്നത് (യോഹന്നാൻ 6:63). "ഭോജ്യങ്ങൾ വയറിനും വയറു ഭോജ്യങ്ങൾക്കും ഉള്ളത്; എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലായ്മയാക്കും. ശരീരമോ ദുർന്നടപ്പിന്നല്ല, കർത്താവിന്നും, കർത്താവു ശരീരത്തിനും" (1 കൊരിന്ത്യർ 6:13). ദൈവത്തിന്റെ ആത്മാവിന്റെ രൂപത്തിൽ ഉണ്ടാക്കപ്പെട്ട, മനുഷ്യനിലെ ആത്മാവു മാത്രമാണ് വസിക്കുന്നത്.

ദൈവത്തിന്റെ അവശ്യമായ പ്രകൃതിയെ വിശദീകരിച്ചു ദൈവികത്വത്തെ വ്യക്തമാക്കുവാൻ സഹായിക്കുന്ന പദപ്രയോഗമാണ് "ദൈവത്തിന്റെ ആത്മാവ്" എന്നത്. ദൈവത്തെ കണ്ടതായും അതേ സമയം കാണാൻ കഴിയുകയില്ല എന്നും ബൈബിളിനു പറയുവാൻ കഴിയുന്നതിനെ അതു വിശദമാക്കുന്നു. മനുഷ്യനിലെ ഒരു ഭാഗം ദൈവരൂപത്തിലാണെന്നും, എന്തുകൊണ്ടു അവനെ പ്രാദേശികമാക്കുവാൻ കഴിയുന്നില്ല, എന്തു കൊണ്ടു ദൈവത്തിനു മരിക്കുവാൻ കഴിയുകയില്ല എന്നും വ്യക്തമാക്കുന്നതാണ് ദൈവം "ആത്മാവു" ആണ് എന്നത്.

പ്രപഞ്ചത്തിന്റെയും, സൃഷ്ടിയുടേയും ഭാഗമായി ദൈവത്തിന്റെ ആത്മാവിനെ നമുക്കു കാണാം. (ഉല്പത്തി 1:2; കൂടാതെ നോക്കുക ഇയ്യോബ് 26:13; സങ്കീർത്തനങ്ങൾ 104:30) മനുഷ്യനെ സൃഷ്ടിച്ചതിലും ഉൾപ്പെടുന്നു (ഉല്പത്തി 1:2, 26; ഇയ്യോബ് 33:4).

കുറിപ്പുകൾ

[1]ദ കെജെവിയിൽ സങ്കീർത്തനങ്ങൾ 146:4–ൽ “ബ്രീത്ത്” എന്നാണ്. [2]നോക്കുക, ഉദാഹരണമായി, പുറപ്പാട് 31:3; സംഖ്യാപുസ്തകം 24:2; 1 ശമുവേൽ 10:10; 2 ദിനവൃത്താന്തം 15:1. “എന്റെ ആത്മാവ്” (ഉല്പത്തി 6:3) എന്നത് “ദൈവത്തിന്റെ ശ്വാസം” എന്നാകാം (ഇയ്യോബ് 27:3). [3]ജോസഫ് സ്മിത്ത് ജൂനിയർ, *ഡോക്ട്രിൻ & കവനൻസ്* (സാൾട്ട് ലേക്ക് സിറ്റി: ദ ചർച്ച് ഒഫ് ജീസസ് ക്രൈസ്റ്റ് ഓഫ് ലാറ്റർ – ഡേ സെയ്ൻസ്, 1974), 130:22. [4]ഒരർത്ഥത്തിൽ മൃഗങ്ങൾക്കും ഒരു *റൂഹ* ഉണ്ട് (സഭാ പ്രസംഗി 3:21), ഒരുപക്ഷേ അർത്ഥം “ശ്വാസം” അല്ലെങ്കിൽ “പ്രാണൻ” എന്നായിരിക്കാം, പക്ഷേ അവയ്ക്ക് അമർത്യതയില്ല.

© 2009 Truth for Today